# SOUVENIR 2006



SREE NARAYANA ASSOCIATION OF NORTH AMERICA, NEW YORK

Sree Narayana
Association of North
America New York

**Souvenir 2006**

# Editorial

ഈ വർഷവും ശ്രീ നാരായണ ജയന്തിയോടനുബ
ന്ധിച്ച് ഗുരു ദർശനങ്ങളുടെ സന്ദേശ പ്രചരണാർത്ഥം സുവ
നീർ 2006' എന്ന സ്മരണിക ഞങ്ങൾ സന്തോഷപൂർവ്വം
സമർപ്പിക്കുന്നു.

ഗുരുവിന്റെ ദർശനത്തെയും സന്ദേശങ്ങളെയും കുറിച്ച്
ചർച്ചകളും പ്രസംഗങ്ങളും ധാരാളമായി നടക്കുന്നുണ്ടെങ്കിലും
ഇതെല്ലാം കൊച്ചു കേരളത്തിൽ മാത്രമായി ഒതുങ്ങി നിൽക്കു
കയാണല്ലോ. ലോക ഗുരു എന്ന നമ്മുടെ മഹത്തായ
സങ്കല്പം, ഒരു ലോകോത്തര സന്ദേശമാക്കി വിജയിപ്പിക്കന്ന
തിൽ ശ്രീ നാരായണീയ പ്രസ്ഥാനങ്ങളിൽ, നാരായണഗുരുകു
ലത്തിൽ നിന്നും രൂപംകൊണ്ട ഈസ്റ്റ്-വെസ്റ്റ് യൂണിവേ
ഴ്സിറ്റിയുടെ പങ്ക് ശ്ലാഘനീയമാണ്.

ഗുരുദർശനം യഥാവിധി മനസ്സിലാക്കുവാൻ കഴിയാത്ത
ഒരു സമൂഹം ശ്രീ നാരായണ ഗുരുവിനെ ഈഴവ സമുദായ
ത്തിന്റെ നേതാവെന്ന നിലയിലാണ് മനസ്സിലാക്കിയിരിക്കുന്ന
ത്. ഗുരു ജീവിച്ചിരുന്നപ്പോൾതന്നെ തന്റെ ജീവിത സന്ദേശം
മനസ്സിലൂക്കുവാൻ കഴിയാത്തവരെ ഉദ്ദേശിച്ച് കൊല്ലവർഷം 1091
-ൽ വ്യക്തമായ ഭാഷയിൽ നമുക്ക് ജാതിയില്ല എന്ന തല
ക്കെട്ടിൽ ഒരു വിളംബരം കേരള ജനതയ്ക്കായി ഗുരുപ്രസിദ്ധീ
കരിച്ചിരുന്നു. ചരിത്രപരമായി ഗുരു എസ്.എൻ.ഡി.പി. - പ്രസ്ഥാ
നവുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും ഗുരുവിന്റെ ദർശനങ്ങൾ
ജാതിമത ഭേദമെന്യേ ഏവർക്കും ഉൾക്കൊള്ളാൻ സഹായകര
മായിരുന്നു.

ഗുരുദർശനങ്ങളെ മനുഷ്യനന്മയ്ക്കുള്ള ഒരു മഹ
ത്തായ സന്ദേശമായി വടക്കേ അമേരിക്കയിൽ പ്രചരിപ്പിക്കുവാ
നുള്ള ഉത്തരവാദിത്വം ഇവിടെയുള്ള ഓരോ ശ്രീ നാരായണീ
യനും തങ്ങളുടെ ദൗത്യമായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു..

ഞങ്ങളുടെ ഈ എളിയ സംരംഭം സഫലീകരിക്കുന്ന
തിനായി ഞങ്ങളോടൊപ്പം നിന്ന ഏവർക്കും ഹൃദയംഗമായ
നന്ദി.

എഡിറ്റർ

Published by
**Sree Narayana Association,**
N.A; Inc.
Bellerose,
New York 11426